76

# ജീവിതത്തിന്റെ സമുദ്രയാത്ര

## (27:1 - 21)

ശ്രദ്ധേയമായ ഒന്നാണ് പ്രവൃത്തികളുടെ പുസ്തകം 27-ാം അദ്ധ്യായം. അതു മാസങ്ങൾ എടുത്ത സമുദ്ര യാത്രയിലെ ചുരുങ്ങിയ ആഴ്ച്ചകളിലെ വിശദവിവരങ്ങളാണ് - ആവേശം ശ്രദ്ധിക്കുന്ന സാഹസികത കടൽക്ഷോഭം, കപ്പൽഛേദവും, കഷ്ടിച്ച് രക്ഷപ്പെടലും.[1]

ഈ കഥ ഉൾപ്പെടുത്തിയതിൽ ലൂക്കൊസിന്റെ ഉദ്ദേശം എന്തായിരുന്നു? ലൂക്കൊസ് നല്ല കഥ ഇഷ്ടപ്പെട്ടിരുന്നു, സാധാരണ ചുരുക്കമായി മാത്രം വാക്കുകൾ ഉപയോഗിക്കുന്ന എഴുത്തുകാരൻ ഇതു ഉപയോഗിച്ചു മതിയായ ന്യായീകരണമാണെന്നു തോന്നുന്നില്ല. ഇതിനുള്ള ഉത്തരം ലൂക്കൊസിന്റെ പ്രാഥമിക ഉദ്ദേശം പുസ്തകത്തിന്റെ അവസാന ഭാഗത്ത് കാണാവുന്നതാണ്: പൗലൊസ് എങ്ങനെ റോമിൽ എത്തുമെന്ന് പറയുന്നു. "എങ്ങനെ പൗലൊസ് റോമിൽ എത്തി" എന്നതു അടിവരയിടുക: "സാത്താൻ പൗലൊസ് റോമയിൽ എത്തുന്നതിനെ എങ്ങനെ തടയാമെന്നു ശ്രമിച്ചുകൊണ്ടിരുന്നു."

തെസ്സലൊനിക്യ സഭയ്ക്ക് ലേഖനം എഴുതിയപ്പോൾ, പൗലൊസ് പറഞ്ഞു, "സഹോദരന്മാരെ, ... ഞങ്ങൾ അല്പ, നേരത്തേക്ക് ഹൃദയം കൊണ്ടല്ല മുഖം കൊണ്ടു നിങ്ങളെ വിട്ടുപിരിഞ്ഞിട്ടു ബഹുകാംഷയോടെ നിങ്ങളുടെ മുഖം കാണ്മാൻ ഏറ്റവും അധികം ശ്രമിച്ചു. അതുകൊണ്ടു നിങ്ങളുടെ അടുക്കൽ വരുവാൻ ഞങ്ങൾ വിശേഷാൽ - പൗലൊസായ, ഞാൻ, ഒന്നു രണ്ടു പ്രാവശ്യം വിചാരിച്ചു - എന്നാൽ *സാത്താൻ ഞങ്ങളെ തടുത്തു*" (1 തെസ്സലൊനിക്യർ 2:17, 18; എംഫസിസ് മൈൻ). പൗലൊസ് തെസ്സലൊനിക്യയിൽ പോകാതിരിക്കാൻ ദ്രോഹ ചിന്തയുള്ള യെഹൂദന്മാർ തടുത്തു, പ്രതികൂല സാഹചര്യങ്ങളും, ദൂരവും - എന്നാൽ അവയെല്ലാം സാത്താൻ ഉപയോഗിച്ച ഉപകരണങ്ങൾ ആണെന്നു അവൻ മനസ്സിലാക്കി.

പൗലൊസ് തെസ്സലൊനിക്യയിലേക്കു മടങ്ങിപ്പോകാതിരിക്കാൻ സാത്താൻ ആഗ്രഹിച്ചുവെങ്കിൽ, റോമയിലേക്കു അപ്പൊസ്തലൻ പോകാതിരിക്കാൻ എത്രമാത്രം ശ്രമിക്കും! പൗലൊസ് റോമയിൽ എത്തിയാൽ,

അവനു സാമ്രാജ്യ പട്ടണം ഒരു അടിസ്ഥാനമാക്കി കൊണ്ട് സുവിശേഷം സർവ്വ ലോകത്തിലേക്കും വ്യാപിപ്പിക്കുവാൻ കഴിയും – സാത്താനു അതു സഹിക്കുകയില്ല! "റോമ കാണുക" എന്ന പൗലൊസിന്റെ സ്വപ്നം അവൻ തിരിച്ചറിയുന്നതു തടയുവാൻ സാത്താൻ ലഭ്യമായ എല്ലാവഴികളും ഉപയോഗിച്ചതായി നാം കണ്ടു (പ്രവൃത്തികൾ 19:21): ആസ്യയിൽ നിന്നുള്ള കുഴപ്പക്കാർ, സംഭ്രമിച്ച പടയാളികൾ, എന്തും ചെയ്യാൻ മടിയില്ലാത്ത യെഹൂദ പ്രമാണിമാർ, കൊല്ലുവാൻ ആലോചിച്ചു, മനസ്സുറപ്പില്ലാത്ത റോമൻ ദേശാധിപതികൾ. എങ്ങനെയായാലും, ഇവയിലെല്ലാം, ദൈവം പൗലൊസിനോടുകൂടെ ഉണ്ടായിരുന്നു. വിഫലമാക്കപ്പെട്ടതു പൗലൊസല്ല, പിശാചാണ്. സാത്താൻ പൗലൊസ് റോമയിലേക്കു പോയതു തടയുവാൻ, ഏറ്റവും തന്റെ പരമാവധി കഴിവ് (ഒരു പക്ഷെ ഏറ്റവും മോശമായതു എന്നു പറയട്ടെ) ഉപയോഗിച്ചു (27:1).

സാത്താൻ തന്റെ പരാജയം സമ്മതിച്ചോ? ഒരിക്കലുമില്ല! മറിച്ചു, അവന്റെ രോഷം സ്പഷ്ടമായി പ്രാപഞ്ചിക അനുപാതത്തിലാക്കി. 27–ാം അദ്ധ്യായത്തിലും 28–ാം അദ്ധ്യാത്തിന്റെ ആരംഭത്തിലും, പിശാച് ഏതും – എന്തും – പൗലൊസിന്റെ യാത്ര പൂർത്തിയാക്കാതിരിക്കാൻ ചെയ്യും എന്നതു നാം കാണും: വിഡ്ഢികളായ മനുഷ്യർ, പൊട്ടിയ കപ്പൽ, പ്രകൃതിക്ഷോഭം[2] (കൊടുങ്കാറ്റും, ഇളകി മറിഞ്ഞ തിരമാലകൾ, അപകടകരമായ മണൽത്തിട്ടകൾ, വിഷകരമായ പാമ്പുകളും)! ഈ കടന്നാക്രമണങ്ങളിൽ പൗലൊസ് എങ്ങനെ ജീവിച്ചു? കൈസര്യയിലും യെരുശലേമിലും സാത്താന്റെ ആക്രമണത്തെ എങ്ങനെ അതിജീവിച്ചോ അങ്ങനെയാണ്: ദൈവത്തിലുള്ള അവന്റെ വിശ്വാസം മുഖാന്തരവും ദൈവത്തിന്റെ കരുതലോടെയുള്ള ശ്രദ്ധയും കൊണ്ട്!

27–ാം അദ്ധ്യായത്തിലെ "പൗലൊസിന്റെ മറ്റൊരു വശം" വ്യാഖ്യാതാക്കൾ പരാമർശിക്കാൻ ഇഷ്ടപ്പെടുന്നതു നാം കാണുന്നുണ്ട്, ലൂക്കൊസ് കഥ പറയുവാനുള്ള കാരണം അതാണ്. പൗലൊസ് മറ്റൊരു പങ്കിൽ നാം കാണുന്നു എന്നതു വാസ്തവമാണ്: (ക്രിസ്ത്യാനി – അല്ലാത്ത) ആളുകൾക്കിടയിലെ ഒരു പ്രമാണി. എങ്ങനെയായാലും, ലൂക്കൊസിന്റെ ഊന്നൽ പൗലൊസിന്റെ ആയിരുന്നില്ല, പൗലൊസിന്റെ ദൈവത്തിങ്കൽ ആയിരുന്നു. നാം കാണാൻ പോകുന്നതുപോലെ, കൊടുങ്കാറ്റിനെ അതിജീവിച്ച് കപ്പലിനെ നിലനിർത്തുവാൻ *മനുഷ്യരാൽ അസാധ്യമായിരുന്നു*, ദൈവത്തിനു പ്രവർത്തിക്കേണ്ട സമയമായി. പൗലൊസ് തന്റെ സഹ കപ്പൽ യാത്രികരോട്, 23 മുതൽ 25 വെരെയുള്ള വാക്യങ്ങളിൽ വിവരിച്ചു പറഞ്ഞതാണ് മുഖ്യമായത്:

> ... എന്റെ ഉടയവനും ഞാൻ സേവിച്ചു വരുന്നവരുമായ ദൈവത്തിന്റെ ദൂതൻ ഈ രാത്രിയിൽ എന്റെ അടുക്കൽ നിന്നു, പറഞ്ഞു, "പൗലൊസേ, ഭയപ്പെടരുത്; നീ കൈസര്യയുടെ മുമ്പിൽ നില്ക്കേണ്ടതാകുന്നു; നിന്നോടു കൂടെ, യാത്ര ചെയ്യുന്നവരെ ഒക്കെയും ദൈവം നിനക്കു ദാനം ചെയ്തിരിക്കുന്നു" എന്നു പറഞ്ഞു. അതുകൊണ്ട്, പുരുഷന്മാരേ, ധൈര്യത്തോടിരിപ്പിൻ,

എന്നോട് അരുളിച്ചെയ്തതുപോലെ തന്നെ സംഭവിക്കും എന്നു, ഞാൻ ദൈവത്തെ വിശ്വസിക്കുന്നു.

ലൂക്കൊസ് 27-ാം അദ്ധ്യായം എഴുതുന്നതിനു രണ്ടു കാരണങ്ങൾ ഉണ്ട്: (1) പൗലൊസിന്റെ ജീവിതത്തിൽ ദൈവം തുടർച്ചയായി എങ്ങനെ പ്രവർത്തിക്കുന്നു എന്നു കാണിക്കുവാനും, അങ്ങനെ (2) നഗരത്തിന്റെ ശക്തികൾക്കു ദൈവപദ്ധതിയേയും ഉദ്ദേശത്തെയും വിഫലമാക്കാൻ (കഴിയുകയില്ല) എന്നു കാണിക്കുവാനും. ഇതു നമ്മെ ബാധിക്കുന്നതാണോ? തീർച്ചയായും. സാത്താൻ തുടർച്ചയായി നമ്മുടെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കുന്നതു പരാജയപ്പെടുത്തി നമ്മെ നശിപ്പിക്കാൻ ശ്രമിക്കും (1 പത്രൊസ് 5:8). നാം നിലനില്കേണ്ടതിനു നമുക്ക് ഓരോരുത്തർക്കും ദൈവസഹായം ആവശ്യമാണ്. നമ്മുടെ ജീവിതത്തിൽ നമ്മുടേതായ കൊടുങ്കാറ്റ് അനുഭവപ്പെടുമ്പോൾ 27-ാം അദ്ധ്യായം നമുക്ക് ആത്മവിശ്വാസം പകരുന്നതാണ്.

"ജീവിതത്തിന്റെ കൊടുങ്കാറ്റ്" എന്നു ഞാൻ പറഞ്ഞതിൽ, തെറ്റിദ്ധരിക്കരുത്. ഇതല്യക്കു പോയ ഒരു വ്യാപാര കപ്പൽ ഭയങ്കര കൊടുങ്കാറ്റിൽ അകപ്പെട്ടു എന്നു ലൂക്കൊസ് പറഞ്ഞതു ആലങ്കാരികമായിട്ടായിരുന്നില്ല; തിരമാലകൾ വാസ്തവത്തിലുള്ളതായിരുന്നു, അപകടം വാസ്തവത്തിലുണ്ടായതാണ്. എങ്കിലും, ചുരുക്കം വ്യാഖ്യാതാക്കൾക്കേ പൗലൊസ് റോമയിലേക്കു യാത്ര ചെയ്തതും നമ്മുടെ ജീവിതയാത്രയും തമ്മിൽ ഓന്നോരണ്ടോ താരതമ്യം നടത്തുന്നതു പ്രതിരോധിക്കാൻ കഴിയു. കടൽ യാത്ര ചെയ്യുന്ന *തീർത്ഥാടകർ* പുരോഗമിക്കുന്നതു പോലെയാണ് ലൂക്കൊസ് തന്റെ ഭാഷാന്തരം എഴുതിയത്.[3]

27-ാം അദ്ധ്യായത്തിൽ കൂടെ ഞാൻ നിങ്ങളെ കൊണ്ടു പോയപ്പോൾ, ഒരു സഹസഞ്ചാരിയെപ്പോലെ ആവേശം ആസ്വദിപ്പിക്കുവാനാണ് ഞാൻ ആഗ്രഹിച്ചത്. അതേസമയം, നിങ്ങളുടെ ജീവിതാനുഭവങ്ങളുമായിട്ടുള്ള സമാനതകൾ കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു.[4] പൗലൊസിന്റെ യാത്രയിൽ ഉണ്ടായതുപോലെ, നമ്മുടെ ജീവിതത്തിലും നല്ല ദിവസങ്ങളും മോശമായ ദിവസങ്ങളും ഉണ്ട് – ഏതു നിമിഷവും അപ്രതീക്ഷിത സംഭവങ്ങൾ ഉണ്ടാകാം! ഈ പാഠത്തിൽ, നാം ഉയർത്തികാണിക്കുന്നത് "എതിർക്കാറ്റുകളും" കൊടുങ്കാറ്റുകളും, അങ്ങനെ പൗലൊസിന്റെ പ്രശ്നങ്ങളെ നമുക്കു തിരിച്ചറിയാം. അടുത്തതിൽ, നാം 27-ാം അദ്ധ്യായത്തിന്റെ നാടകീയ അവസാനം കാണും, അങ്ങനെ നമുക്കു ദൈവത്തിന്റെ പരിഹാരത്തെ അനുമോദിക്കാം.

### "ഞങ്ങൾ കടലിലേക്കു നീക്കി" (27:1-3)

പൗലൊസ് കൈസരെ അഭയം ചൊല്ലി (25:11). എ.ഡി. 59,[5] ആഗസ്റ്റിൽ, അവനെ റോമിലേക്ക് അയക്കുവാനുള്ള ഒരുക്കങ്ങൾ അവസാനം പൂർത്തിയായി. "ഞങ്ങൾ കപ്പൽ കയറി ഇതല്യെക്കു പോകേണം എന്നു കല്പനയായപ്പോൾ, പൗലൊസിനെയും മറ്റു ചില തടവുകാരെയും ഔഗുസ്ത്യ പട്ടാളത്തിലെ[6] ശതാധിപനായ യൂലിയൊസിനെ ഏല്പിച്ചു" (വാക്യം 1).

ഒന്നാം വാകൃത്തിൽ ആദ്യം തന്നെ നമ്മെ ആകർഷിക്കുന്ന വാക്കാണ് "ഞങ്ങൾ." ലൂക്കൊസ് യെരുശലേമിലേക്കു പൗലൊസിനോടു കൂടെ പോയിരുന്നു (21:17) റോമയിലേക്കും പൗലൊസിനൊപ്പം അവ രുണ്ട്! രണ്ടാം വാകൃത്തിന്റെ ഒറ്റ നോട്ടത്തിൽ, പൗലൊസിന്റെ സ്നേഹി തനായ മറ്റൊരു സഹയാത്രികൻ, "തെസ്സലൊനിക്യയിൽ നിന്നുള്ള മക്കെ ദൊന്യക്കാരനായ, അരിസ്തർഹൊസും," ഉണ്ടായിരുന്നു (20:4), അവനും കപ്പലിൽ കയറി.[7]

"മറ്റുതടവുകാരും"[8] എന്ന ദു:ഖ പ്രയോഗത്തിൽ നാം അല്പം ഇടറി യേക്കാം: "മറ്റു" എന്നതിന്റെ ഗ്രീക്കു അർത്ഥമാകുന്നത് "*വ്യത്യാസമുള്ള* മറ്റുള്ളവർ" എന്നാണ്.[9] മറ്റു തടവുകാർ ഒരു പക്ഷെ ശിക്ഷയ്ക്കു വിധിച്ചവരായിരിക്കാം. അവരെ റോമയിൽ കൊണ്ടുപോയി ജനക്കൂട്ട ത്തിന് നേരമ്പോക്കായി അവരെ വന്യമൃഗങ്ങൾക്ക് എറിഞ്ഞുകൊടു ക്കും.[10] അത്തരം ക്രൂര സ്വഭാവമുള്ള ലോകത്തിലാണ് അവർ ജീവിച്ചിരു ന്നത്.

പിന്നെ, വാക്യം 1 പറയുന്നതു "പൗലൊസിനെയും മറ്റു ചിലതടവു കാരെയും ഔഗുസ്ത്യപട്ടാളത്തിലെ ശതാധിപനായ യൂലിയൊസിനെ ഏല്പിച്ചു" എന്നാണ്. "ഔഗുസ്ത്യ പട്ടാളത്തിനു" "ഔഗുസ്ത്യവുമായി" ചില ബന്ധങ്ങൾക്ക് (അതായതു, ചക്രവർത്തി). ചിലർ വിചാരിക്കുന്നത് ഇതു "സാമ്രാജ്യപരമായ ... പട്ടാളമാണെന്നും, അതിലെ ഓഫീസർമാരും പുരുഷന്മാരും സാമ്രാജ്യം മുഴുവൻ സുരക്ഷ യാത്ര ചെയ്തും വാഹക ജോലികൾ ചെയ്യുകയും ചെയ്യും എന്നാണ്"[11] ഫെസ്തൊസും പ്രാദേ ശിക റോമർ ഉദ്യോഗസ്ഥരും[12] ഒരു പക്ഷെ പൗലൊസിന്റെ ഉത്തരവദിത്വം യൂലിയൊസിനു ആഘോഷമായി ഏല്പിച്ചുകാണും. ഔദ്യോഗിക വിവ രങ്ങൾ ദേശാധിപതി യൂലിയൊസിനു കൈമാറി പൗലൊസ് ശിക്ഷവിധി ക്കാത്ത റോമാപൗരത്വമുള്ള തടവുകാരനാണെന്നും, അവനു പ്രത്യേക പരിഗണന നല്കണമെന്നും പറയുന്നതു എനിക്കു കാണാൻ കഴിയും.

ഔപചാരികത പൂർത്തിയായി, എല്ലാവരും കപ്പലിൽ കയറി. പിന്നെ അവർ നീങ്ങി.[13] ലൂക്കൊസ് പറഞ്ഞു, "അങ്ങനെ ഞങ്ങൾ ആസ്യക്കര പറ്റി ഓടുവാനുള്ള, ഒരു അദ്ര മുത്ത്യകപ്പലിൽ,[14] കയറി നീക്കി" (27:2). ഇതല്യക്കു പോകുന്ന കപ്പൽ കാണാഞ്ഞിട്ടു, അവർ തീരത്തുകൂടെ വട ക്കോട്ട് യാത്രതുടങ്ങി, ഒരു കപ്പൽ റോം ലക്ഷ്യമാക്കി പോകുന്നതു കണ്ട് മാറി കയറി. എല്ലാം ശുഭമായിരുന്നാൽ, അവർ ഓക്ടോബർ അവസാനം റോമയിലെത്തും.

ലൂക്കൊസ് വിവരിച്ചു, "പിറ്റെന്നു ഞങ്ങൾ സീദോനിൽ എത്തി" (വാക്യം 3), കൈസര്യക്കു വടക്കു എഴുപതോളം മൈലുകൾ മാറി ഫൊയിനിക്യയുടെ വ്യാപാരകേന്ദ്രമാണ്. തുറമുഖത്ത് വെച്ച്, തടവു കാരെയെല്ലാം ബന്ധനത്തിൽ തന്നെ കപ്പലിന്റെ മേൽത്തട്ടിനടിയിൽ ഇരുത്തും, എന്നാൽ "യൂലിയൊസ് പൗലൊസിനോടു ദയ കാണിച്ചു സ്നേഹിതന്മാരുടെ അടുക്കൽ പോയി സല്ക്കാരം കൈക്കൊൾവാൻ അനുവദിച്ചു"[15] (വാക്യം 3) – ഒരു പടയാളിയുടെ അകമ്പടിയോടെയാ ണെന്നു നിസംശയം പറയാം. "സ്നേഹിതന്മാർ" ഒരു പക്ഷെ സഹക്രി സ്ത്യാനികൾ ആയിരുന്നേക്കാം (3 യോഹന്നാൻ 14; യോഹന്നാൻ

15:5 കൂടെ നോക്കുക).[16] ഒരു പക്ഷെ പൗലൊസ് അവരെ തന്റെ ആദ്യത്തെ ഫൊയിനിക്യ വഴിയുള്ള യാത്രയിൽ കണ്ടു മുട്ടിയ താകാം (പ്രവൃത്തികൾ 12:25; 15:3) ഭ അല്ലെങ്കിൽ യെരുശലേമിലേക്കുള്ള വഴിയിൽ അവൻ ഒരാഴ്ച്ച ചെലവഴിച്ചപ്പോൾ കണ്ടതാകാം (21:3, 4), അല്ലെങ്കിൽ അവരെ അവൻ മുമ്പ് കണ്ടിരിക്കയില്ല. അതിൽ കാര്യമില്ല; ഒരു സഹക്രിസ്ത്യാനി എപ്പോഴും ഒരു സ്നേഹിതൻ ആണ് (അല്ലെ ങ്കിൽ ആയിരിക്കും). നമ്മുടെ ജീവിതയാത്രയിൽ, നമുക്കെല്ലാവർക്കും സ്നേഹിതന്മാർ ആവശ്യമാണ് (സദൃശവാക്യങ്ങൾ 17:17).

## "കാറ്റ് പ്രതികൂലമായിരുന്നു"
## (27:4-8)

സീദോനിൽ നിന്നു, "... ഞങ്ങളെ നീക്കി കാറ്റു പ്രതികൂലമാകയാൽ കുപ്രൊസ് ദ്വീപിന്റെ മറപറ്റി[17] ഓടി" (വാക്യം 4). വേനൽക്കാലത്തു നട പ്പിലുള്ള കാറ്റ് പടിഞ്ഞാറുനിന്നായിരുന്നു, അതുകൊണ്ട് അവർക്കു നേരിട്ടു മദ്ധ്യധരണ്യാഴി കടലിലൂടെ സഞ്ചരിക്കാൻ പ്രയാസമായിരുന്നു.[18] കാറ്റിനെതിരെ സഞ്ചരിക്കാൻ കഴിയുന്ന രീതിയിലല്ല കപ്പൽ നിർമ്മിച്ചിരി ക്കുന്നത് (വാക്യം 15), അതുകൊണ്ട് അല്പം സുരക്ഷിതത്വത്തിനായി അവർ കുപ്രൊസ് ദ്വീപിനു ചുറ്റും ഓടി.

ദൈവം കല്പിച്ച ഉദ്ദേശമനുസരിച്ചായിരുന്നു പൗലൊസ് റോമയി ലേക്കു പോയത്, എന്നിട്ടും അവനു പ്രതികൂലക്കാറ്റ് നേരിടേണ്ടിവന്നു. നിങ്ങൾ നിങ്ങളുടെ ജീവിതം ദൈവത്തിൽ സമർപ്പിക്കപ്പെട്ടതുകൊണ്ട് നിങ്ങളുടെ ദിവസങ്ങൾ എപ്പോഴും പ്രകാശപ്രദമായിരിക്കുമെന്നോ കാറ്റെല്ലാം നിങ്ങളുടെ പുറകിൽ കൂടെയേ പോകും എന്നു ധരിക്കരുത്. ജീവിത - യാത്രക്കാരെല്ലാം "പ്രതികൂലക്കാറ്റുകൾ" അടിച്ച അനുഭവങ്ങൾ, അടിക്കടി ഉണ്ടായിട്ടുള്ളവരാണ്.

അവർ കപ്പലിൽ കുപ്രൊസിനു വടക്കോട്ട് സഞ്ചരിച്ചപ്പോൾ, പൗലൊ സിനു പരിചയമുള്ള ചില സ്ഥലങ്ങൾ വഴിയാണ് കടന്നു പോയതു: "... കിലിക്യയുടെ തീരം വഴി [അവിടെയാണ് പൗലൊസിന്റെ വീട്, തർസൊസ്, സ്ഥിതിചെയ്തിരുന്നത്] പംഫുല്യ [അവിടെയാണ് അവനും ബർന്നബാസും ആദ്യത്തെയാത്രയിൽ ഇറങ്ങിയത് (13:13)]"[19] (വാക്യം 5). രണ്ടാഴ്ചത്തെ യാത്രയും ശേഷം,[20] അവർ "ലുക്കിയയിലെ മുറാ പട്ടണത്തിൽ എത്തി" (വാക്യം 5), ആസ്യയിലെ വടക്കു പടിഞ്ഞാറുള്ള ഒരു പ്രദേശം.

മിസ്രയിമിൽ നിന്നും റോമയിലേക്കു ധാന്യക്കപ്പൽ പോയിരുന്ന മുഖ്യ തുറമുഖമായിരുന്നു മുറാ.[21] അവിടെ വെച്ച് ശതാധിപൻ "... ഇതല്യെക്കു പോകുന്ന ഒരു അലെക്സാന്ത്രിയക്കപ്പൽ[22] കണ്ടു" (വാക്യം 6) അതിൽ ധാന്യവും കയറ്റിയിരുന്നു (വാക്യം 38). ഈ ധാന്യക്കപ്പൽ വളരെ വലു തായിരുന്നു[23] (ഈ കപ്പലിൽ ഇരുന്നു ഇരുന്നൂറ്റി എഴുപത്തി - ആറു പേരെ കൊള്ളിക്കാവുന്നവയായിരുന്നു[24] [വാക്യം 37] ചരക്കിനു പുറമെ യാണത്). ഈ കപ്പലുകളിൽ അനവധി റോമൻ ഗവൺമെന്റുമായി ഉട മ്പടിയിലുള്ളതും, യൂലിയൊസിനെപ്പോലെ, പ്രത്യേക പദവിയുള്ള, ഒരു പ്രതിനിധിയെയും നല്കിയിരുന്നു. ഒക്ടോബറിൽ റോമയിലെത്തും എന്ന പ്രതീക്ഷയോടെ, ശതാധിപൻ എല്ലാവരേയും വലിയ കപ്പലിലേക്കു മാറ്റി

(വാക്യം 6).

ആസ്യ തീരത്തുകൂടെ പടിഞ്ഞാറോട്ട് അവർ യാത്രയായി. സ്ഥിതി പുരോഗമിച്ചില്ല; വാസ്തവത്തിൽ കാലാവസ്ഥ മോശമായിരുന്നു. അവർ "പതുക്കെ ഓടി, ക്നീദൊസ് തൂക്കിൽ" "പ്രയാസത്തോടെ,[25] എത്തി" (വാക്യം 7) അതു റോമൻ പ്രവിശ്യയായിരുന്നു ആസ്യയുടെ തെക്കെ അറ്റത്തായിരുന്നു. അവർ കടൽകടന്നു ഗ്രീസിലേക്കു (അഖായ) യാത്ര യായി, എന്നാൽ "കാറ്റ് മുമ്പോട്ടു പോകുവാൻ [അവരെ] സമ്മതിച്ചില്ല" (വാക്യം 7).

നിങ്ങൾ പദ്ധതി ഒരുക്കിയ പോലെ ഒന്നും നടക്കാതെ വന്ന "പ്രയാസ" ദിവസങ്ങൾ നിങ്ങൾക്കുണ്ടായിട്ടില്ലേ? അലെക്സാന്ത്രിയ ധാന്യക്കപ്പലിൽ യാത്ര ചെയ്തിരുന്ന ചില ആളുകൾക്കു നിങ്ങളോട് അനു കമ്പ തോന്നും.

വീണ്ടും ഒരു സുരക്ഷിതദ്വീപ് അവർ അന്വേഷിച്ചു – ഈ സമയത്ത് അനേകമൈൽ തെക്കുള്ള ക്രേത്തയാണ്,[26] ഈ സമയത്തെ ലക്ഷ്യം കൂടു തൽ ദിവസങ്ങളിലെ പ്രയാസമുള്ള യാത്രക്കു ശേഷം, അവർ ശല്മൊനെ മുനമ്പു ചുറ്റി ദ്വീപിന്റെ കിഴക്കുകൂടെ ചെന്നു പടിഞ്ഞാറുനിന്നു തെക്കെ തീരം വഴി യാത്രയായി, "... ക്രേത്തയുടെ മറപറ്റി[27] ഓടി" (വാക്യം 7). "പ്രയാസത്തോടെ തീരത്തുകൂടെ ഓടി" (വാക്യം 8; NIV), അവർ അവ സാനം "ശുഭതുറമുഖം എന്നു പറയുന്ന സ്ഥലത്തെത്തി"[28] (വാക്യം 8) – ദ്വീപു വഴി തുറമുഖത്തിന്റെ പകുതി വഴിയിലെത്തി. അവിടെ അവർ നങ്കൂ രമിട്ടു, കാറ്റു മാറിക്കിട്ടുവാൻ അക്ഷമരായി ദിവസങ്ങൾ കാത്തിരുന്നു.

നിങ്ങളുടെ പദ്ധതിയിൽ എപ്പോഴെങ്കിലും "നിർത്തിവെക്കേണ്ടി വരി കയും"[29] അനുകൂല സാഹചര്യം വരുന്നതുവരെ കാത്തിരിക്കേണ്ടി വരി കയും ചെയ്താൽ, നിങ്ങൾക്കറിയാം അവയുടെ നിരുത്സാഹം എത്രമാ ത്രമുണ്ടെന്ന്.

### "കടൽ യാത്ര ഇപ്പോൾ അപകടമായി"
### (27:9-13)

ഓരോ ദിവസവും കഴിയുന്തോറും, റോമയിൽ ഒക്ടോബർ അവ സാനം എത്തുവാനുള്ള ലക്ഷ്യം കൈവരിക്കൽ അസ്സാദ്ധ്യമെന്നു തോന്നി ത്തുടങ്ങി. "അങ്ങനെ വളരെ നാൾ ചെന്ന ശേഷം നോമ്പും കഴിഞ്ഞി രിക്കെ കപ്പലോട്ടം വൈഷമ്യം ആകകൊണ്ട്" (വാക്യം 9). സെപ്റ്റംബർ പകുതി മുതൽ നവംബർ 11 വരെ മദ്ധ്യധരണ്യാഴിയിൽ കൂടെയുള്ള യാത്രക്കു "അപകട കാലാവസ്ഥയാണ്." നവംബർ 11 നുശേഷം, വസ ന്തകാലം വരെ കപ്പലോട്ടം നിർത്തും; നിരന്തരമായി ആകാശം മേഘാ വൃതമായിരിക്കുന്നതും കടൽയാത്ര അസാധ്യമാണ്.[30] കപ്പൽ ഇപ്പോൾ "അപകട" സമയത്തു പെട്ടിരിക്കുന്നു; "നോമ്പും കഴിഞ്ഞു" (വാക്യം 9). "നോമ്പ്" യെഹൂദന്മാരുടെ പ്രായശ്ചിത്ത ദിവസമാണ് സൂചിപ്പിക്കു ന്നത് (ലേവ്യാപുസ്തകം 16:29; 23:26, 27), അതു എ.ഡി 59–ൽ വന്നതു ഒക്ടോബർ 5 നാണ്.[31]

കപ്പലിൽ കയറിയവർക്കു മനസ്സിലായി സമയം പൊയ്ക്കൊണ്ടിരി ക്കുന്നത്. കാലാവസ്ഥ യാത്രക്കു അസ്സാദ്ധ്യമായിത്തീരുന്നു, അതുകൊണ്ട്

കപ്പൽ ജോലിക്കാർ[32] (വാക്യം 11) എന്തു ചെയ്യുമെന്ന് ആലോചിച്ചു. ആ തുറമുഖം “ശീതകാലം കഴിപ്പാൻ തക്കതല്ല എന്നു ആലോചന കഴിച്ചു” (വാക്യം 12): അതു കടലിലേക്കു തുറന്നിരിക്കുന്നു; കപ്പൽ കാലാവസ്ഥക്കു നേരെയിരിക്കുന്നു, ചരക്കു വെള്ളം – നനഞ്ഞിരിക്കുന്നു എന്നു ചിലർ കണ്ടെത്തി. ശൈത്യകാലം കഴിപ്പാൻ, അടുത്തു വലിയ പട്ടണവും ഉണ്ടായിരുന്നില്ല (അടുത്തുള്ള “പട്ടണം ലസയ്യ” [വാക്യം 8] ചെറുതായിരുന്നു). നേരെമറിച്ച്, ഫൊയിനിക്യ പടിഞ്ഞാറായി നാല്പതുമൈൽ അകലെ സ്ഥിതി ചെയ്യുന്നു. അതു സുരക്ഷിതമായ ഒരു തുറമുഖമുള്ള വലിയ പട്ടണമാണ്. നീണ്ട ശൈത്യകാലം അവർക്കും കപ്പലിനും ചെലവഴിക്കാൻ പറ്റിയതാണ്.

അവർ ശുഭതുറമുഖം വിട്ടുപോകുവാൻ ശ്രമിച്ചപ്പോൾ,[33] പൗലൊസ് കേട്ടിട്ട് വിഷമത്തിലായി. “ആ കപ്പലിലുണ്ടായിരുന്ന ഏറ്റവും അനുഭവസ്ഥനായ യാത്രക്കാരനായിരുന്നേക്കാം പൗലൊസ്.”[34] മദ്ധ്യധരണ്യാഴിക്കടലിലൂടെ അവൻ പതിനൊന്നു കടൽ യാത്ര ചെയ്തിരുന്നതായി (റോമയിലേക്കുള്ള യാത്ര കൂടാതെ) എന്നു ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നു, അതു 3,500 മൈലുകൾ ദൈർഘ്യമായിരുന്നു – ലൂക്കൊസ് രേഖപ്പെടുത്താത്ത ചില യാത്രയും അവൻ നടത്തിയിട്ടുണ്ട്: മൂന്നു പ്രാവശ്യം അവനു കപ്പൽച്ചേതം അനുഭവപ്പെട്ടിട്ടുണ്ട്[35] “ഒരു രാത്രിയും ഒരു പകലും ... ആഴക്കടലിൽ കഴിഞ്ഞിട്ടുണ്ട്” (2 കൊരിന്ത്യർ 11:25). അതുകൊണ്ട്, പൗലൊസിനു, തന്റെ മനസ്സിൽ ഉള്ളതു പറയാൻ മടിയുമായിരുന്നില്ല: “പുരുഷന്മാരേ, ഈ യാത്രയിൽ ചരക്കിനും കപ്പലിനും, മാത്രമല്ല, നമ്മുടെ പ്രാണങ്ങൾക്കും ഏറിയ കഷ്ടനഷ്ടങ്ങൾ വരും എന്നു ഞാൻ കാണുന്നു എന്നു അവരെ പ്രബോധിപ്പിച്ചു” (വാക്യം 10).

പൗലൊസിന്റെ പ്രസ്താവന ദൈവശ്വാസിയമായിരുന്നോ? പൗലൊസിന്റെ വാക്കുകൾ അവന്റെ പഴയകാലാനുഭവങ്ങൾ വെച്ചു പറഞ്ഞതാണെന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു: (1) സ്വർഗ്ഗീയ ഉറവിടമായി പൗലൊസ് പറഞ്ഞിട്ടില്ല (അവൻ പിന്നീട് പറയുന്നതുപോലെ, വാക്യം 23). (2) ഗ്രീക്കു വാക്കു തർജ്ജിമ ചെയ്തിരിക്കുന്ന “പെർസീവ്” എന്നതിന്റെ അർത്ഥം “കഴിഞ്ഞകാല അനുഭവ നിരീക്ഷണം ആയിരുന്നു.” (3) തുടർസംഭവങ്ങൾ മുൻകൂട്ടി പറഞ്ഞതുപോലെ കൃത്യമായി സംഭവിച്ചില്ല (ജീവൻ നഷ്ടപ്പെട്ടില്ല; വാക്യങ്ങൾ 22, 24).[36]

കപ്പലിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥനായ, യൂലിയൊസിനു, ഇഷ്ടമായില്ല. “ഒരു കൂടാരപ്പണിക്കാരനും/റബ്ബിയുമായ, നിങ്ങൾക്ക് ഇതിനെപ്പറ്റി എന്തറിയാം? വിദഗ്ധർ വിചാരിക്കുന്നതു നമുക്കു പോകാൻ കഴിയുമെന്നാണ്, അപ്പോൾ തർക്കിക്കാൻ നീ ആരാണ്?” എന്നാണ്, അയാൾ ചിന്തിച്ചത്. “ശതാധിപനോ പൗലൊസ് പറഞ്ഞതിനേക്കാൾ, മാല്പമിയയുടെയും കപ്പലുടമസ്ഥന്റെയും വാക്ക് അധികം വിശ്വസിച്ചു” (വാക്യം 11). അങ്ങനെ, “മിക്കപേരും[37] ആ തുറമുഖം ശീതകാലം കഴിപ്പാൻ തക്കതല്ലായ്കയാൽ, അവിടെ നിന്നു നീക്കി തെക്കു പടിഞ്ഞാറായും,[38] തുറന്നു കിടക്കുന്ന ഫൊയ്നീക്യ എന്ന, ക്രേത്ത തുറമുഖത്തു, കഴിവുണ്ടെങ്കിൽ ചെന്നു ശീതകാലം കഴിക്കണം എന്നു ആലോചന പറഞ്ഞു” (വാക്യം 12).

ജീവിതത്തിൽ തെറ്റായ തീരുമാനങ്ങൾ എങ്ങനെ എടുക്കണമെന്ന

പ്രത്യേക മാതൃക ഉണ്ടായിട്ടുണ്ടെങ്കിൽ, അത് ഇതാണ്: ദൈവിക ആലോചന അവഗണിക്കുക (സദൃശവാക്യങ്ങൾ 1:5; 19:20; വെളിപ്പാട് 3:8); ആളുകളേക്കാളും തത്വങ്ങളേക്കാളും "വിദഗ്ദ്ധർ" പറയുന്നതും (സദൃശവാക്യങ്ങൾ 12:5; 1 കൊരിന്ത്യർ 3:18–20); ഭൂരിഭാഗത്തെ നോക്കുന്നതും ശ്രദ്ധിക്കണം (പുറപ്പാട് 23:2; മത്തായി 7:13).

തുടർന്നുണ്ടായ അനന്തരഫലമായ വിപത്തു പൗലൊസിന്റെ തെറ്റുകൊണ്ട് ഉണ്ടായതല്ല, മറ്റുള്ളവർ പറഞ്ഞതു, കേട്ടതുകൊണ്ടാണ് ഉണ്ടായതു എന്നു ശ്രദ്ധിക്കുക. ചിലപ്പോൾ നമ്മുടെ ജീവിതത്തിൽ കൊടുങ്കാറ്റു കൊണ്ടു വരുന്നതു നാം തന്നെയാണ് (യോനാ 1:12), എന്നാൽ ചിലപ്പോൾ അതു മറ്റുള്ളവരുടെ തെറ്റുകൊണ്ടും സാധിക്കും. നാം കഷ്ടപ്പെടുന്നതു സ്വന്തം തീരുമാനം തെറ്റായതു കൊണ്ടാകണമെന്നില്ല, എന്നാൽ – പൗലൊസിനെപ്പോലെ – നാം ഭൂരിപക്ഷ വോട്ടിന്റെ പരാജയത്തിലകപ്പെടും.

ആദ്യം, ഭൂരിഭാഗം പേരും എടുത്തതീരുമാനം ഏറ്റവും നന്നായിരുന്നു എന്നു തോന്നി – കാറ്റു അനുകൂലമായി മാറി എന്നു തോന്നി. "തെക്കൻ കാറ്റു മന്ദമായി ഊതുകയാൽ, താല്പര്യം സാധിച്ചു എന്നു തോന്നി, അവർ അവിടെനിന്നു നങ്കൂരം എടുത്തു, ക്രേത്ത ദ്വീപിന്റെ മറ പറ്റി ഓടി" (പ്രവൃത്തികൾ 27:13). ജീവിതം പലപ്പോഴും കൊടുങ്കാറ്റ് അടിക്കുന്നതിനു മുൻപു ശാന്തമായിരിക്കും.

### "പ്രത്യാശ ... ഉപേക്ഷിക്ക ... പ്പെട്ടു"
### (27:14-21)

അവർ ലക്ഷ്യത്തിലെത്തുന്നതിനു ഏതാനും മണിക്കൂറുകൾ മുമ്പ്, വിപത്ത് ആഞ്ഞടിച്ചു. "കുറെക്കഴിഞ്ഞിട്ടു കരയിൽ നിന്ന് [ക്രേത്ത മലമുകളിൽ നിന്ന്] ഒരു മാരകമായ ഈശാനമൂലൻ എന്ന, കൊടുങ്കാറ്റു അടിച്ചു" (വാക്യം 14). "വടക്കു കിഴക്കൻ" ചുഴലിക്കാറ്റിന്റേതുപോലെ പേരുള്ള "യുറേക്വിലോ" [ഈശാനമൂലൻ] എന്നായിരുന്നു നാവികന്റെ പേര്.[40] അത്, ക്രേത്തയുടെ മറപറ്റി വീശി, കപ്പൽ ഒരു തുറമുഖത്തേക്കും അടുപ്പിക്കാൻ സാധ്യമല്ല, തുറന്ന കടലാണ്. "കപ്പൽ കാറ്റിന്റെ നേരെ നില്പാൻ കഴിയാതവണ്ണം, കുലുങ്ങുകയാൽ, ഞങ്ങൾ കൈവിട്ടു, അങ്ങനെ പാറിപ്പോയി" (വാക്യം 15) കപ്പൽ കാറ്റിന്റേയും തിരമാലകളുടെയും ദയയിലായി.

പല മണിക്കൂറുകൾ തെക്കുകിഴക്കു ഓടിയ ശേഷം "ക്ലൗദ എന്ന ചെറിയ ദ്വീപിന്റെ മറ പറ്റി ഓടി" (വാക്യം 16). നൈമിഷിക ശാന്തതയെ ഉപയോഗപ്പെടുത്തി, എല്ലാവരും ഉത്സാഹത്തോടെ പണിയെടുത്ത് കപ്പൽ എല്ലാം അനുകൂലമായി കടൽ യാത്രക്കു സുഗമമാക്കി എന്നു കരുതി. ലൂക്കൊസും ഉൾപ്പെട്ട് രക്ഷാതോണി കപ്പലിനു പുറകിലേക്കു വലിഞ്ഞു കെട്ടി. അവൻ വിഷമം ഓർത്തുകൊണ്ട് (ചിലപ്പോൾ വിമർശിച്ചുകൊണ്ടാകാം), പറഞ്ഞു, "ഞങ്ങൾ പ്രയാസത്തോടെ തോണി കൈവശമാക്കി" (വാക്യം 16).[41]

"അതു [തോണി] വലിച്ചു കെട്ടിട്ടു, അവർ കപ്പൽ ചുറ്റിക്കെട്ടിയും മറ്റും ഉറപ്പു വരുത്തി" (വാക്യം 17). ആ "കേബിളുകൾ" കയറുകളോ

അല്ലെങ്കിൽ ചങ്ങലകളോ കപ്പലിന്റെ പള്ളക്ക് മുറിക്കികെട്ടും അതോടൊപ്പം വലിയ കയറുകൾ കൊണ്ട് കപ്പലിനു ചുറ്റും കെട്ടി കൊടുങ്കാറ്റിൽ മറിയാതിരിക്കാൻ ഉറപ്പു വരുത്തി.[42] പിന്നെ, "സിർതിസിന്റെ വഴിയായി ഓടി ഉൾക്കടലിൽ എത്തുമെന്ന ഭയത്താൽ, അവർ കടലിലേക്ക് നങ്കൂരവും ഇട്ടു" (വാക്യം 17). "ആഴമില്ലാത്ത സ്ഥലത്തെ സിർതിസ്" എന്നതു വടക്കൻ ആഫ്രിക്കൻ തീരത്തു ഊന്നി നില്കുന്ന മണൽത്തിട്ടയാണ് – നാവികന്മാർക്കു മരണഭീഷണി ഉയർത്തുന്നതാണ് ഇത്. ആ സ്ഥലം അനേക മൈലുകൾ തെക്കുമാറിയാണെങ്കിലും, ഒരു കൊടുങ്കാറ്റിൽ അവർ എത്രത്തോളം പോകാനിടയുണ്ടെന്ന് അവർക്കറിയാം.[43] അവർ കടലിലേക്കും "നങ്കൂരം ഇട്ടു,"[44] അതു കപ്പൽ സാവധാനത്തിലാകും എന്നു പ്രതീക്ഷിച്ചു. അപ്പോഴേക്കും, ആ ചെറിയ ദ്വീപിന്റെ സുരക്ഷിതമേഖല കടന്നു കളഞ്ഞു; അവർക്കു "ഒഴുകിപോകുവാൻ അനുഭവിക്കയല്ലാതെ" ഒന്നും ചെയ്യുവാൻ സാധ്യമല്ല (വാക്യം 17).

പണ്ടുള്ള ആ നാവികന്മാരിൽ നിന്നു നിങ്ങൾക്കു പഠിക്കാൻ കഴിയും: നിങ്ങളുടെ ജീവിതത്തിൽ കൊടുങ്കാറ്റ് അടിക്കുമ്പോൾ, നാശം കുറക്കുവാൻ നിങ്ങൾക്കു ചെയ്യാൻ കഴിയുന്നതു ചെയ്യുക, "കിളിവാതിലുകൾ ഉറപ്പിക്കുക,"[45] കൊടുങ്കാറ്റിനെ അതിജീവിക്കാൻ ഒരുങ്ങുക.

കൊടുങ്കാറ്റ് പെട്ടെന്ന് അടിച്ച് പോകും എന്നു കപ്പലിലുണ്ടായിരുന്നവർ വിചാരിച്ചിരുന്നെങ്കിൽ, അവർ നിരാശരായി. "പിറ്റെന്ന്" വീണ്ടും "കൊടുങ്കാറ്റ് – അടിക്കും" (വാക്യം 18). അവരുടെ സ്ഥാനത്തു നിങ്ങളെ സങ്കല്പിക്കുക. വീശിയടിക്കുന്ന കാറ്റ്, മരങ്ങൾ കൂട്ടിയടിക്കുന്ന ശബ്ദം, ഉരയുന്ന കയറുകൾ. ഉരുണ്ടു കൂടുന്ന കറുത്ത മേഘചുരുളുകൾ നോക്കുക, ഗർജ്ജിക്കുന്ന തിരമാലകൾ കപ്പലിന്റെ മേൽതട്ടുവരെ ഉയർന്നു പൊങ്ങുന്നതു നോക്കുക. ക്ഷോഭിച്ച കടലിൽ അകപ്പെട്ട കപ്പൽ മോലോട്ടും താഴോട്ടും ആടി ഉലയുന്നു, അതിൽ നിങ്ങളുടെ കാലുകൾ ഉറപ്പിക്കാനും പാടുപെടുന്നു. നിങ്ങളുടെ മുഖത്തേക്കു ഉപ്പുവെള്ളം തളിക്കുന്നു, ഉപ്പുവെള്ളം നിങ്ങളെ ശ്വാസം മുട്ടിക്കുന്നു. കൊടുങ്കാറ്റ് വാസ്തവത്തിൽ വേദനാജനകം തന്നെ – കടലിലായാലും ശരി ജീവിതത്തിലായാലും ശരി.

നിരാശാകാലങ്ങൾ നിരാശയുടെ അളവുകളാണ്. "പിറ്റെന്നു ... , അവർ ചരക്കു പുറത്തു കളഞ്ഞു" (വാക്യം 18). ചരക്ക് അവരുടെ ഉപജീവനമാർഗ്ഗമായിരുന്നു, എന്നാൽ ആഹാരത്തേക്കാൾ അവരുടെ ജീവനേക്കുറിച്ചായിരുന്നു അവർ കരുതിയത്. "മൂന്നാം നാൾ അവർ സ്വന്തകയ്യാൽ കപ്പൽക്കോപ്പും കടലിൽ ഇട്ടു കളഞ്ഞു"[46] (വാക്യം 19). കപ്പലിന്റെ ഭാരം കുറക്കുവാൻ, അവർക്കു തികച്ചും ആവശ്യമില്ലാത്തതൊക്കെ അവർ കടലിൽ എറിഞ്ഞു കളഞ്ഞു.[47]

കൊടുങ്കാറ്റു തുടർന്നുകൊണ്ടിരുന്നു: "വളരെ നാളായി സൂര്യനെയോ നക്ഷത്രങ്ങളെയോ കാണാതായി" (വാക്യം 20) അന്നാളിൽ അവരുടെ കയ്യിൽ വടക്കുമാപിനികൾ ഇല്ലായിരുന്നു, ഷഷ്ഠികയുമില്ലായിരുന്നു അവരുടെ സ്ഥാനനിർണ്ണയത്തിന് നാവിഗർ അക്കാലത്ത് പകൽ സൂര്യനെയും രാത്രിയിൽ നക്ഷത്രങ്ങളെയും ആശ്രയിച്ചാണ് നടത്തിയിരുന്നത്. അതുകൊണ്ട്, അവർ എവിടെ ആണെന്ന് ഒരു പിടിയുമില്ല. അവർക്ക് അറി

യാവുന്നത്, അവർ ഏതു നിമിഷവും മണൽ തിട്ടയിൽ ചെന്ന് ഇടിക്കുകയോ, അല്ലെങ്കിൽ മറഞ്ഞുകിടക്കുന്ന ഏതെങ്കിലും പായ്കപ്പലുമായി കൂട്ടിയിടിക്കും എന്നായിരുന്നു.

രണ്ടാഴ്ച്ചയോടടുത്ത്, കൊടുങ്കാറ്റ് കപ്പലിനെയും കപ്പിലിലുള്ളവരെയും രണ്ടായി വേർവേർപിരിക്കുവാനായി വീശിയടിച്ചുകൊണ്ടിരുന്നു. ലൂക്കൊസ് എഴുതി, "സൂര്യനെയോ നക്ഷത്രങ്ങളെയോ കാണാതെയും, വല്ലാത്ത കൊടുങ്കാറ്റു അടിച്ചുകൊണ്ടും ഇരിക്കയാൽ, ഞങ്ങൾ രക്ഷപ്പെടും എന്നുള്ള ആശ ഒക്കെയും അറ്റുപോയി" (വാക്യം 20).

അതാണ് കഥയുടെ താഴ്ന്നവശം. മനുഷ്യരെല്ലാം നനഞ്ഞു, തണുത്തുവിറച്ചു പട്ടിണികൊണ്ട്, ബലഹീനമായി, തളർന്നു അവശരായി "അവർ വളരെ പട്ടിണികിടന്നു" (വാക്യം 21); "കൊടുങ്കാറ്റ് അവരുടെ ധാന്യങ്ങൾ എല്ലാം അപഹരിച്ചതുകൊണ്ട്, സമയവും, സമയാസമയത്ത് ആഹാരം കഴിക്കണമെന്ന ആഗ്രഹവും ഒരുക്കവും ഇല്ലാതായി."[48] ഈ നിരാശയിൽ പെട്ടവരിൽ ലൂക്കൊസിനെയും ഉൾപ്പെടുത്തിയിരിക്കുന്നു എന്നതു ശ്രദ്ധിക്കുക: "*ഞങ്ങൾ* രക്ഷപ്പെടും എന്ന ആശ ഒക്കെയും അറ്റുപോയി" (വാക്യം 20; എൻഐവി; എംഫസിസ് മൈൻ). "ഞങ്ങൾ" എന്നുള്ള വാക്കിൽ പൗലൊസും ഉൾപ്പെട്ടിരുന്നോ? ഒരു പക്ഷെ ദൂതൻ പൗലൊസിനു പ്രത്യക്ഷനായപ്പോൾ, അവൻ അവനെ പ്രബോധിപ്പിച്ചു, "ഭയപ്പെടേണ്ട" (വാക്യം 24). എത്ര ശക്തനായാൽ പോലും കൊടുങ്കാറ്റ് ആണ് മുകളിൽ അടിച്ചാൽ പോലും തോല്‌വിയടയും.

വിവാഹജീവിതം പ്രയാസപ്പെട്ടു മുന്നോട്ടു കൊണ്ടു പോകുക എന്നാലെന്തെന്ന് നിങ്ങളിൽ ചിലർക്ക് അറിയാമല്ലൊ, ആഴം കുറഞ്ഞ ജലാശയത്തിൽ ഉറച്ചുപോയി, തടസ്സങ്ങൾ എന്ന കഷ്ടതയാൽ, പ്രശ്നങ്ങളാകുന്ന വെള്ളങ്ങളിൽ മുങ്ങി പരാജയപ്പെടുക. അപ്പോൾ നിങ്ങൾ വൈകാരികമായും ആത്മികമായും പൂർത്തീകരിക്കാൻ വെമ്പൽ കൊള്ളും. വെളിച്ചമില്ലാതെ ദിവസങ്ങൾ കഴിച്ചുകൂട്ടുക എന്നാലെന്തെന്നു നിങ്ങൾക്ക് അറിയാം. നിങ്ങളും, കൂടെ, തളർന്നു മുട്ടിന്മേലായി കാണും.

### ഉപസംഹാരം

നമ്മുടെ പാഠം അവസാനിപ്പിക്കുന്നതു എത്ര വേദനയോടെ, അപരിചിതമായ, സ്ഥാനത്തുപോലുമാണ് എത്തിയിരിക്കുന്നത്: "രക്ഷപ്പെടും എന്ന ആശ ഒക്കെയും ... അറ്റു പോയി" (വാക്യം 20). പിന്നീട്, ദൈവം അവരുടെ ആശ പുന:സ്ഥാപിച്ചു കൊടുക്കുന്നതും ഫലപ്രദമായി മോചിക്കുന്നതും നാം കാണും. ഇപ്പോൾ, ജീവിതത്തിൽ ഓരോ ദിവസവും കൊടുങ്കാറ്റുകൾ വീശി അടിക്കുമ്പോൾ നാം നിരാശരായിത്തീരുമെന്ന വികാരം നമ്മെ പ്രതിസന്ധിയിലാക്കുമെന്ന ചിന്തയോടെ നിർത്താം.

അത്തരം മാനസികാവസ്ഥയിൽ നാം പലപ്പോഴും, നിലവിളിക്കും, "എന്താണ്? കർത്താവേ, എന്തിനാണീ കൊടുങ്കാറ്റുകൾ എന്നിൽ അനുവദിക്കുന്നത്?" നമ്മുടെ കഥയുടെ അവസാനം കണ്ണോടിക്കുമ്പോൾ, ദൈവം പൗലൊസിനെ കൊടുങ്കാറ്റിൽ പതിച്ചതെന്തിന് എന്ന ഉത്തരങ്ങൾ നമുക്കു കിട്ടും. കൊടുങ്കാറ്റിനെ നേരിട്ട് ഒരു പക്ഷെ പൗലൊസ് വിശ്വാസത്തിൽ ശക്തിപ്പെടും. ദൈവം തനിക്കുള്ളവരെ കരുതും എന്ന

പ്രദർശനം കൂടെയാണിത്. കൂടാതെ, പൗലൊസിന് മറ്റു സമയങ്ങളിൽ കിട്ടാതിരുന്ന അവസരങ്ങൾ കൊടുങ്കാറ്റിൽ ലഭിച്ചു എന്നതാണ്. ഉദാഹരണമായി, തനിക്കു കർത്താവിലുള്ള വിശ്വാസം പ്രകടമാക്കുവാൻ അവസരം ലഭിച്ചു. (നിങ്ങൾ ഒരു കൊടുങ്കാറ്റിനെ എങ്ങനെ പ്രതികരിക്കും എന്നു അവിശ്വാസികൾ നോക്കിയിരിക്കും.) പൗലൊസിന് സത്യദൈവത്തെക്കുറിച്ചു അന്യദേവന്മാരിൽ വിശ്വസിച്ചിരുന്ന 273 പേരോടു പറയുവാൻ കഴിഞ്ഞു! ഒരു പക്ഷെ – അവർ സുരക്ഷിതരായി കരയിലെത്തിയ ശേഷം – അവർ യേശുവിനെ കുറിച്ചു കേൾക്കുവാൻ താല്പര്യപ്പെട്ടിരിക്കും. അവസാനം, കൊടുങ്കാറ്റ് പൗലൊസിനും മറ്റുള്ളവർക്കും ഉപകാരമായിത്തീർന്നു. എങ്ങനെയായാലും, "അവസാനം" എന്ന പ്രയോഗം, ശ്രദ്ധിക്കുക. കൊടുങ്കാറ്റ് ഗർജ്ജിക്കു*മ്പോൾ*, ആ ഉപകാരങ്ങൾ വ്യക്തം ആയിരു*ന്നില്ല*. അതിനാൽ, പരീക്ഷണങ്ങൾ നമ്മെ മൂടുമ്പോൾ, ചിലപ്പോൾ നമ്മുടെ കുഴപ്പങ്ങളിൽ നിന്നു നന്മ വരുന്നതു നമുക്കു കാണാൻ കഴിയുകയില്ല.

കൊടുങ്കാറ്റടിച്ചു നാം മുട്ടു മടക്കുമ്പോൾ എന്തു ചെയ്യണം? പൗലൊസ് ചെയ്തതു പോലെ ചെയ്യുക (വാക്യം 24): മുമ്പ് പ്രാർത്ഥിച്ചിട്ടില്ലാത്തതുപോലെ പ്രാർത്ഥിക്കുക (ഫിലിപ്പിയർ 4:6; യാക്കൊബ് 5:13) – നമുക്കു ഒരിക്കലും അറിയാൻ കഴിയാത്തതിനേക്കാൾ അറിയാവുന്ന കർത്താവിൽ ആശ്രയിക്കുക (2 കൊരിന്ത്യർ 1:9, 10; 2 തിമൊഥെയൊസ് 1:12).

കർത്താവിൽ ആശ്രയിക്കാൻ പഠിച്ച ഒരാളുടെ കഥ പറഞ്ഞ് ഞാൻ അവസാനിപ്പിക്കട്ടെ: ഷിക്കാഗോയിലെ ഒരു ബിസിനസുകാരനായ, ഹൊരേഷിയോ സ്പാഫോർഡ്, ഒരൊഴിവു സമയത്ത് 1873–ൽ, തന്റെ കുടുംബത്തെ ഒരവധിക്കാലം യൂറോപ്പിൽ കൊണ്ടു പോകാൻ തീരുമാനിച്ചു. അവൻ അതിനായി ഒരു ഫ്രെഞ്ച് ലൈനർ ബുക്ക് ചെയ്തു, പക്ഷെ ബിസിനസിൽ അല്പം തടസ്സം നേരിട്ടതുകൊണ്ട് അവസാന നിമിഷം അയാ ളുടെ യാത്ര റദ്ദ് ചെയ്തു. അയാൾ ഭാര്യയെയും നാലു പെൺമക്കളെയും കപ്പലിൽ വിട്ടിട്ട്, അയാൾ പിന്നീട് യൂറൊപ്പിൽ അവരോടൊപ്പം ചേരാമെന്നും തീരുമാനിച്ചു. നവംബർ 22–ാം തീയ്യതി കപ്പൽ മറ്റൊരു കപ്പലിൽ ഇടിച്ചു. പന്ത്രണ്ട് മിനിറ്റുകൾക്കുള്ളിൽ, കപ്പൽ 226 ആളുകളുമായി, ആഴക്കടലിലേക്കു പോയി, അതിൽ സ്പാഫോർഡിന്റെ നാലു പെൺമക്കളും ഉൾപ്പെട്ടിരുന്നു. ഒമ്പതു ദിവസങ്ങൾക്കു ശേഷം, രക്ഷപ്പെട്ടവർ ഇംഗ്ലണ്ടിൽ എത്തിയപ്പോൾ, അയാളുടെ ഭാര്യ രണ്ടു – വാക്ക് ടെലഗ്രാം അയച്ചു: "സേവ്ഡ് എലോൺ." അയാൾ ഉടനെ ഇംഗ്ലണ്ടിലേക്കുള്ള കപ്പലിൽ ഭാര്യയുടെ അടുത്തേക്ക് യാത്ര തിരിച്ചു ഒരു രാത്രി കപ്പിത്താൻ അയാളെ മുറിയിലേക്കു വിളിച്ചു. "എത്രയും വേഗം ഞാൻ പറയട്ടെ," എന്നു പറഞ്ഞു, "നാം ഇപ്പോൾ നിങ്ങളുടെ പെൺമക്കൾ സഞ്ചരിച്ച കപ്പൽ മുങ്ങിയ സ്ഥാനത്തിനു മുകളിലൂടെയാണ് പൊയ്കൊണ്ടിരിക്കുന്നത്." മരണ നിഴലിന്റെ തടാകം. സ്പാഫോർഡ് തന്റെ മുറിയിലേക്കു മടങ്ങി വന്നു. അവിടെ, അയാൾ ഒരു പാട്ട് "മരണനിഴലിന്റെ താഴ്വര," അതു നമ്മെ രണ്ടു ദശാംബ്ദക്കാലം ആശ്വസിപ്പിച്ചിരിക്കുന്നു:

സമാധാനം ഒരു നദി പോലെ എന്റെ വഴിയിൽ വരുമ്പോൾ,
ദു:ഖങ്ങൾ കടൽ പോലെ എന്നിൽ ചുറ്റിയടിക്കുമ്പോൾ;
എന്റെ ഓഹരി എന്തായാലും, "അതു നന്നായി, എന്റെ ആത്മാവിനു
അതു നന്നായി," അതു നീ എന്നെ പറയാൻ പഠിപ്പിച്ചു.[49]

"ദു:ഖങ്ങൾ കടൽപോലെ തിരിച്ചടിച്ചു ചുറ്റുമ്പോൾ," *നിങ്ങളുടെ* ഓഹരി എന്തായാലും, "എന്റെ ആത്മാവിനു അതു നന്നായി" എന്നു, പറയുവാൻ നിങ്ങൾക്കു കഴിയട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.[50]

---

## ദൃശ്യ - സഹായ കുറിപ്പുകൾ

---

ഈ പാഠവും അടുത്തതും പഠിപ്പിക്കുവാൻ ഒരു പടം ഏതാണ്ട് ഒഴിച്ചു കൂടാനാവാത്തതാണ് ശ്രോതാക്കളെ യാത്രാ വിവരണം കൂടുതൽ മന സ്സിലാക്കുവാൻ പൗലൊസിന്റെ റോമയിലേക്കുള്ള യാത്രയുടെ പടം വലു താക്കി കാണിക്കുക.

---

കുറിപ്പുകൾ

[1]ഈ പാഠവും അടുത്തതും "പൗലൊസിന്റെ റോമയിലേക്കുള്ള" യാത്രയുടെ പട വുമൊത്തു പഠിക്കുക. [2]അനേകം വേദഭാഗങ്ങൾ (പ്രത്യേകിച്ചു സങ്കീർത്തനങ്ങൾ) ഊന്നിപ്പറയുന്നു ദൈവം പ്രകൃതിയുടെ ദൈവം (കൊടുങ്കാറ്റ് അടക്കം) ആണെന്നാണ്, ഈ പാഠത്തിൽ തത്വശാസ്ത്രപരമായ ചർച്ച, പ്രകൃതിവിപത്തിൽ ദൈവത്തിന്റെ പങ്കും സാത്താന്റെ പങ്കും ഉൾപ്പെടുത്താമായിരുന്നു. ഇയ്യോബിന്റെ പുസ്തകപ്രകാരം, പ്രകൃ തിദുരന്തങ്ങളെ നമ്മെ നന്നാക്കുന്നതിന് *അനുവദിക്കും*, എന്നാൽ സാത്താൻ നമ്മെ ഭൗതി കമായും ആത്മികമായും നശിപ്പിക്കുന്നതിന് അതുപയോഗിക്കും. ഈ സങ്കീർണ്ണ വിഷയം കൈകാര്യം ചെയ്യേണ്ട സമയവും സ്ഥലവും ഇതല്ല എന്നു തോന്നുന്നു ചോദ്യങ്ങൾ നേരിടുമ്പോൾ ഉത്തരം പറയാൻ ഒരുങ്ങുന്നതാണ് ബുദ്ധി. ഒരു മുഖ്യ പോയിന്റ് പറയു വാനുള്ളത് 27-ാം അദ്ധ്യായം ചിത്രീകരിക്കുന്ന സത്യമാണ് 1 കൊരിന്ത്യർ 10:13 (ഇയ്യോ ബിന്റെ പുസ്തകവും) സാത്താനു ചെയ്യാൻ കഴിയുന്നതിനെ ദൈവം *പരിമിതപ്പെടും* - ദൈവം എപ്പോഴും "ഒരു പോക്കുവഴി" തരും അതു നാം ഉപയോഗിക്കുകയോ നിരസി ക്കുകയോ ചെയ്യണം. [3]*പിൽഗ്രിംസ് പ്രോഗ്രസ്* 1600-ൽ ജോൺ ബുനിയൻ എഴുതിയ ദൃഷ്ടാന്തപരമായ പ്രവൃത്തിയാണ്, അതിൽ മുഖ്യകഥാപാത്രം നാശനഗരത്തിൽ നിന്നു സ്വർഗ്ഗീയ നഗരത്തിലെ പ്രയാണം നടത്തുന്നതാണ് പ്രമേയം. [4]ഈ പാഠത്തിലെ വേദ ഭാഗവും (വരുന്നതായ മൂന്നിലേയും), ഞാൻ ചുരുക്കമായി ജീവിതത്തിലെ നിരവധി സമാധതകൾ പറഞ്ഞിട്ടുണ്ട്. ആ സമാനതകൾ ശ്രോതാക്കൾക്കു നേരിട്ടു ആവശ്യമുള്ള താണ് (ആയിരിക്കും) അതു വിപുലീകരിച്ച് പ്രായോഗികമാക്കാം. [5]എ.ഡി. 59 നാം സ്ഥിരീ കരിച്ച കാലനിർണ്ണയം സമ്മതിക്കുന്നു (ഫേലിക്സിനു ശേഷം ഫെസ്തൊസ് പാലസ്തീ നിൽ വരുന്നത്) ആ തീയ്യതി "നോമ്പു" മായി യോജിക്കുന്നു (പ്രായശ്ചിത്ത ദിനം), അതായതു വർഷത്തിന്റെ ആ സമയം കപ്പലോട്ടം പ്രയാസകരമായിരുന്നു. ഈ പാഠ ത്തിൽ പിന്നീട് വരുന്ന വാക്യം 9 ന്റെ നോട്ടുകൾ നോക്കുക. വാക്യം 9 ൽ നിന്നു പുറ കോട്ട് നോക്കിയാണ് ആഗസ്റ്റ് മാസം കണക്കാക്കിയത്. [6]ശതാധിപൻ നൂറു പടയാളിക ളിലൂടെ അധിപനാണ് (യൂലിയൊസിനൊപ്പം യാത്രയിൽ അനേകർ ഉണ്ടായിരുന്നു

എന്നതു സംശയകരമാണെങ്കിലും). ഒരു പട്ടാളം അറുനൂറിനും ആയിരത്തിനും ഇടക്കു പുരുഷൻമാർ അടങ്ങുന്നതാണ് ഒരു റെജിമെന്റ് ഇതിനെ 10:1 മായി, താരതമ്യം ചെയ്യുക. [7]എങ്ങനെ ലൂക്കൊസും അരിസ്തൊർഹൊസും പൗലൊസിനോടൊപ്പം പോയി എന്നു മനസ്സിലാക്കാൻ പണ്ഡിതന്മാർ വിഷമിക്കുന്നുണ്ട്. ചിലർ വിചാരിച്ചത് ലൂക്കൊസും അരിസ്തൊർഹൊസും സ്വയമായി പൗലൊസിന്റെ അടിമകളായി റെജിസ്റ്റാർ ചെയ്തതു കൊണ്ട് അവനോടുകൂടെ യാത്ര ചെയ്തു എന്നാണ്. വേറെ ചിലർ മനസ്സിലാക്കിയതു ലൂക്കൊസ് കപ്പലിന്റെ ഡോക്ടർ ആയും അരിസ്തൊർഹൊസ് സഹായിയും ആയിരുന്നതുകൊണ്ട് ഒപ്പം യാത്ര ചെയ്തു എന്നാണ് പരിഹാരം കൃത്യമായും കാണാതിരിക്കുന്നു: ലൂക്കൊസും അരിസ്തൊർഹൊസും ടിക്കറ്റ് എടുത്തു കയറിയതാകാം. ചരക്കു കപ്പലിൽ കയറി (21:3). ചരക്കു കപ്പലുകളിലേക്കു മാറ്റുന്നുണ്ട് (27:6; 28:11) തീർച്ചയായും ടിക്കറ്റുള്ള യാത്രക്കാരെയും കയറ്റിയിരിക്കും (27:37). [8]അരിസ്തൊർഹൊസ് അവരിൽ ഒരാളായിരുന്നോ? സാധ്യത കുറവാണെന്നു തോന്നുന്നു പിന്നീട് പൗലൊസ് പറയുന്നത് അരിസ്തർഹൊസ് "എന്റെ സഹബദ്ധൻ" എന്നാണ് (കൊലൊസ്യർ 4:10); അവനും, കൂടെ, തടവിലാക്കപ്പെടുകയും പിന്നെ കൈസരെ അഭയം ചൊല്ലുകയും ചെയ്തിരിക്കാം. എങ്ങനെയായാലും, നമ്മുടെ വേദഭാഗത്ത്, അരിസ്തെർഹൊസ് "മറ്റു തടവുകാരിൽ" നിന്നും വേറിട്ടു നില്കുന്നു. വാസ്തവത്തിൽ, "സഹബദ്ധൻ" എന്ന് കൊലൊസ്യർ 4:10-ൽ പറഞ്ഞതിന്റെ അർത്ഥം അരിസ്തർഹൊസ് തടവിലാക്കപ്പെടുകയോ അല്ലെങ്കിൽ സ്വയം - തടവിലാക്കപ്പെട്ടു പൗലൊസിനെ ശുശ്രൂഷചെയ്തതാണോ എന്നു തീർച്ചയില്ല (ഫിലേമോൻ 24 നോക്കുക, കൊലൊസ്യലേഖനം എഴുതിയ സമയത്തു തന്നെ എഴുതപ്പെട്ടതാണ്). പിന്നീട് റോമായിൽ അരിസ്തർഹൊസ് തടവിൽ ആയെങ്കിലും, നമുക്കു തീർച്ചയില്ല അവർ റോമയിലേക്കു പോയപ്പോൾ തടവിലായിരുന്നു എന്നത്. [9]ഗ്രീക്ക് വാക്ക് *ഹെറ്റെറോ* എന്നാണ്. *ഹോമോ* എന്ന ഗ്രീക്കു വാക്കിന്റെ അർത്ഥം "*അതേ* രീതിയിലുള്ള മറ്റൊന്ന്" എന്നാണ്. [10]ഇതു വിശദീകരിക്കുന്നതാണ് കാവൽക്കാരുടെ പിന്നീടുള്ള തീരുമാനം; അടുത്ത പാഠമായ "കൊടുങ്കാറ്റ് അതിജീവിക്കൽ" എന്നതിലെ വാക്യം 42 ന്റെ നോട്ടുകൾ നോക്കുക.

[11]ജോൺ പോളോക്ക്, *ദ അപ്പൊസ്തൽ: എ ലൈഫ് ഓഫ് പോൾ* (വീറ്റൺ, Ill.: സ്ക്രിപ്ചർ പ്രെസ് പബ്ലിക്കേഷൻസ്, 1985), 274. യൂലിയൊസ് ഒരു ശതാധിപൻ "മാത്രം" ആയിരുന്നെങ്കിലും, അവനു പരിഗണിക്കത്തക്ക അധികാരം, കപ്പലിൽ ഉണ്ടായിരുന്നു എന്ന് ഇതു പറയുന്നു. [12]വാക്യം 1-ൽ പറയുന്ന "അവർ" എന്നതിൽ അഗ്രിപ്പാവ് അപ്പോഴും കൈസര്യയിൽ ഉണ്ടെന്നു കരുതാൻ, സാധ്യതയുണ്ട്. [13]അവർ ഒരു പക്ഷെ കൈസര്യയിൽ നിന്നു വിട്ടു പോയതാകാം, അതു പാലസ്തീന്റെ മുഖ്യതുറമുഖമായിരുന്നു അവിടെ പൗലൊസ് രണ്ടു വർഷം തടവിലുമായിരുന്നു. [14]ആസ്യയുടെ പടിഞ്ഞാറൻ തീരത്തുണ്ടായിരുന്ന ഒരു പ്രദേശമായിരുന്നു അദ്രമുത്ത്യ, ത്രോവാസിൽ നിന്നു അധികം ദൂരെയായിരുന്നില്ല. ഇതു ഒരു പക്ഷെ തീരദേശ കപ്പൽ സ്വന്ത സ്ഥലത്തേക്കും തിരിച്ചു പോകുകയായിരുന്നേക്കാം. [15]"റിസിവ് കെയർ" എന്നതു ലൂക്കൊസ് വൈദ്യനാമം ഉപയോഗിച്ചതാകാം. ഇതുവെറുതെ ലൂക്കൊസ് സാധാരണ പറയുന്നതുപോലെ ഉപയോഗിച്ചതോ - അല്ലെങ്കിൽ പൗലൊസിനു ലൂക്കൊസ് നല്കിയതിനപ്പുറം ശ്രദ്ധ ആവശ്യമായിരുന്നോ? [16]ഒരിക്കൽകൂടെ ക്രിസ്ത്യാനികളുടെ കൃപ നാം കാണുന്നു, സിദോനിലെ സഭയെ നാം പരിഗണിക്കുമ്പോൾ, പൗലൊസ് ക്രിസ്ത്യാനികളെ യെരുശലേമിൽ നിന്നു ഓടിച്ചപ്പോൾ ചിതറിപ്പോയവരാൽ സ്ഥാപിച്ചതാകാം (8:1-4; 11:19). ഈ പാഠത്തിലെ "കർത്താവിനു വേണ്ടി സകല സാഹസവും എടുക്കുക" എന്ന പാഠത്തിലെ പൗലൊസ് മുമ്പ് സന്ദർശിച്ച സോർ പ്തൊലമായിസ് എന്നിവയുടെ നോട്ടുകൾ നോക്കുക. [17]ഗ്രീക്കൽ "വി സെയിൽഡ് അണ്ടർ" എന്നാണ് (കെജെവി). നാവികവാക്ക് "ടു ദ ലി ഓഫ്" (എൻ ഐവി നോക്കുക) എന്നതിൽ "ലി" യുടെ അർത്ഥം "ദ സൈഡ് ഷെൽട്ടേഡ് ഫ്രം ദ വിൻഡ്" എന്നാണ്. [18]രണ്ടു വർഷം മുമ്പ് യെരുശലേമിലേക്കു പോയപ്പോൾ, പൗലൊസിന്റെ മദ്ധ്യധരണ്യാഴിയാത്ര പടിഞ്ഞാറൻ കാറ്റു മൂലം വേഗത്തിലായിരുന്നു. (ഈ പുസ്തകത്തിൽ ഉള്ള

“കർത്താവിനു വേണ്ടി സകല സാഹസികതയും നടത്തുക” എന്ന പാഠത്തിലെ പ്രവൃത്തികൾ 21:2-4 ന്റെ നോട്ടുകൾ നോക്കുക.) ഇപ്പോൾ, അവനും മറ്റുള്ളവരും എതിർ ദിശയിലേക്കാണ് പോകുവാൻ ആഗ്രഹിക്കുന്നത്, പടിഞ്ഞാറൻ കാറ്റ് അവർ പോകേണ്ടതിനു “എതിരാണ്.” [19]അവർ തീരത്തുകൂടെ യാത്ര ചെയ്തപ്പോൾ വ്യാപാരത്തിനായി ചില സ്ഥലങ്ങളിൽ നിർത്താനും സാധ്യതയുണ്ട്. [20]സിദോനിൽ നിന്നു മുറായിലേക്ക് തീരം വഴി സാധാരണ പത്തു മുതൽ പതിനഞ്ചുവരെ ദിവസം എടുക്കും. വെസ്റ്റേൺ ടെക്സ്റ്റ് പറയുന്നതു യാത്ര പതിനാലു ദിവസം എടുത്തു എന്നാണ്.

[21]ഈ കപ്പലുകൾക്ക് പടിഞ്ഞാറു നിന്നുള്ള കാറ്റുകൾക്കെതിരെ സഞ്ചരിക്കാൻ സാധ്യമല്ലാത്തതുകൊണ്ട്, അവർ വടക്കോട്ട് മുറായിലേക്കും പിന്നെ ഇതല്യക്കും പോകാൻ ഒരുങ്ങി. [22]ഈ കപ്പലിന്റെ അടിസ്ഥാന വീട് അലെക്സാന്ത്രിയയായിരുന്നു, റോമിനും വേണ്ട ധാന്യത്തിൽ ഭൂരിഭാഗവും മിസ്രയിമിൽ നിന്നായിരുന്നു ലഭിച്ചത് മറ്റൊരു അലെക്സാന്ത്രിയ കപ്പൽ നാം 28:11-ൽ കാണും. [23]ഒരു പുരാതന ചരിത്രകാരൻ കപ്പലിന്റെ വലുപ്പം പറഞ്ഞിരിക്കുന്നതു 180 അടി 45 അടി 43 അടി ഇങ്ങനെയാണ്. ജോസെഫെസ് ഇത്തരം മറ്റു കപ്പലുകളിൽ ചരക്കു കൂടാതെ അറുന്നൂറുയാത്രക്കാരെ കയറ്റാമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. [24]ചില കയ്യെഴുത്തു പ്രതികളിൽ 76 എന്നാണ്, എന്നാൽ ഭൂരിഭാഗം കെയ്യുഴുത്തു പ്രതികളിലും 276 ആണ്. [25]മുറായിൽ നിന്നു ക്നിദൊസിലേക്ക് ഏതാണ്ട് 170 മൈൽ ദൂരമുണ്ട് “അനേക നല്ല ദിവസങ്ങൾ” ഒരു പക്ഷെ പത്തു മുതൽ പതിനഞ്ചു ദിവസം വരെയാണ്. [26]ക്രേത്തർ പെന്തെക്കൊസ്തു നാളിൽ സന്നിഹിതരായിരുന്നു (പ്രവൃത്തികൾ 2:11); ചിലപ്പോൾ അവരിൽ ചിലർ ക്രിസ്ത്യാനികളായി തീർന്നിരിക്കാം. പൗലൊസ് പിന്നീട് ക്രേത്തയിൽ പ്രവർത്തിച്ചിട്ടുണ്ട് (തിത്തൊസ് 1:5). ബൈബിൾ കാലത്ത് ക്രേത്തർക്ക് നല്ല പേരായിരുന്നില്ല ഉണ്ടായിരുന്നത് (തിത്തൊസ് 1:12). [27]വീണ്ടും, ഗ്രീക്കു വേദ പുസ്തകത്തിൽ “വി സെയിൽഡ് അണ്ടർ” എന്നാണ്. (ഈ പാഠത്തിലെ കുറിപ്പുകൾ 17 നോക്കുക). [28]“ശുഭതുറമുഖം” എന്ന പേർ: എനിക്ക് ഇഷ്ടമാണ്. നമ്മുടെ ജീവിതത്തിലെ “ശുഭതുറമുഖം” പ്രായോഗികമാക്കുക - “എതിരായി വീശുന്ന കാറ്റിൽ” താല്ക്കാലിക ആശ്വാസവും സ്ഥലവും. [29]“ഓൺ ഹോൾഡ്” എന്നതു പരിചയമില്ലെങ്കിൽ കാത്തിരിക്കുന്നതിനു പറയുന്ന പ്രാദേശിക പ്രയോഗം ഉപയോഗിക്കാം. [30]ഈ പാഠത്തിൽ പിന്നീട് വരുന്ന 20-ാം വാക്യത്തെക്കുറിച്ചുള്ള നോട്ടുകൾ നോക്കുക.

[31]“നോമ്പും കഴിഞ്ഞിരിക്കകൊണ്ട്” എന്നതു വർഷം എ.ഡി. 59 എന്ന് ഉറപ്പിക്കുന്നു. ചന്ദ്രന്റെ വശം നോക്കിയാണ് പ്രായശ്ചിത സമയം നിശ്ചയിക്കുന്നത്. എ.ഡി. 59 ന്റെ മുമ്പും, അതിനു ശേഷവും വരുന്നതു നോമ്പ് വളരെ നേരത്തെയാകും. അവർ തുടർന്നു കടൽയാത്ര നടത്തിയെങ്കിൽ, അതു പൗലൊസിന്റെ പ്രവചനപ്രകാരമായിവരികയില്ല. [32]“കപ്പിത്താൻ” എന്നതു ഗ്രീക്കുവാക്കു അർത്ഥമാക്കുന്നതു കപ്പലുടമ എന്നാണ് (കെജെവിയും എൻഎവിയും നോക്കുക). കപ്പലുടമ തന്നെയായിരിക്കും സാധാരണ കപ്പിത്താൻ. [33]അവൻ കേട്ടത് എങ്ങനെ എന്നു നമുക്ക് അറിയില്ല. ഒരുപക്ഷേ സമ്മേളനത്തിൽ അവനും പങ്കെടുത്തിരിക്കാം. ചിലപ്പോൾ വാർത്ത കൈമാറി കപ്പലിൽ എല്ലാവരിലും എത്തിയതാകാം. പിന്നീട് അവൻ സൂചിപ്പിച്ചത് അവൻ കപ്പിലിലുണ്ടായിരുന്ന എല്ലാവരുമായി എതിർത്തിരുന്നു എന്നാണ് (വാക്യം 21), ഒരു പക്ഷെ പരസ്യപ്രഖ്യാപനം നടത്തി പ്രതികരണം ആരാഞ്ഞപ്പോൾ അവൻ എല്ലാവരും കേൾക്കെ പ്രതികരിച്ചതും ആകാം. [34]വില്യം ബാർക്ലേ, *ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്*, ദ ഡെയിലി ബൈബിൾ സീരീസ്, റെവ. ഇഡി. (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രെസ്, 1976), 182. [35]ഇതു തന്നെ അത്ഭുതപ്പെടുത്തുന്നതാണ്. മൂന്നു പ്രാവശ്യം ഞാൻ വിമാനപകടത്തിൽ പെട്ടിട്ടുണ്ടെങ്കിൽ, മറ്റൊന്നിൽ കയറാൻ ഞാൻ വിഷമിക്കും! [36]തീർച്ചയായും, ഒരിക്കൽ ഒരു വിപത്തിനെ ദൈവം മുന്നറിയിച്ചിരുന്നതാണ്, എന്നാൽ പ്രാർത്ഥനയുടെ ഫലമായി അതിനെ വ്യത്യാസപ്പെടുത്തി (ഉദാഹരണമായി, സംഖ്യാ പുസ്തകം 14:11-24). [37]ഇതു കോൺഫറൻസിലെ ഭൂരിഭാഗമായിരുന്നോ അതോ കപ്പലിലെ ആളുകളിൽ ഭൂരിഭാഗ

മായിരുന്നോ? പിന്നീട് പൗലൊസ് പറഞ്ഞതു കപ്പലിൽ ഉണ്ടായിരുന്ന എല്ലാവരും എന്നാണ് (വാക്യം 21), ഒരു പക്ഷെ ഉത്തരവാദിത്വപ്പെട്ടവർ ഫൊയിനിക്യയിലേക്കു യാത്ര തുടരുന്നതിനെക്കുറിച്ചു കപ്പലിലുണ്ടായിരുന്ന എല്ലാവരോടും അഭിപ്രായം ആരാഞ്ഞിരിക്കാം, അങ്ങനെ ഭൂരിഭാഗ തീരുമാനം എടുത്തിരിക്കാം. [38]ഇവിടെ ഗ്രീക്കുവാക്ക് ആമ്പിഗ്വവസ് എന്നാണ്, എന്നാൽ അവർ നമ്മെ കരുതേണ്ടതില്ല. ലൂക്കൊസിന്റെ പോയിന്റ് തുറമുഖം ശൈത്യകാറ്റിൽ നിന്നും സുരക്ഷിതമാണ് എന്നത്രെ. [39]"വൈലന്റ്" എന്നതു ഗ്രീക്കിൽ നന്നു തർജ്ജിമ ചെയ്തതാണ് അതിൽ നിന്നാണ് നമുക്കു "ടൈഫൂൺ" എന്ന ഇംഗ്ലീഷ് വാക്ക് കിട്ടിയത്. [40]"യൂറാകിലാ" എന്നതു ഗ്രീക്കുവാക്കായ "കിഴക്കൻ കാറ്റ്" എന്നും ലാറ്റിൻ വാക്കായ "വടക്കൻ കാറ്റും" എന്നതിന്റെ മിശ്ര വാക്കാണ് കെജെവിയിൽ അക്ഷരമാറ്റം, എന്നാൽ അർത്ഥം ഒന്നാണ്.

[41]ചെറിയ തോണി മുങ്ങുകയോ വെള്ളത്തിൽ പോയിരുന്നെങ്കിൽ കഷണങ്ങളായോ പോയേനെ, പിന്നെ കരയിലേക്കു തിരിച്ചു പോകേണ്ടതായും വലിച്ചപ്പോൾ, അതു ഭാഗികമായി ചെളിയിൽ പെട്ടിരിക്കാം. [42]കയർ വലിച്ചു കെട്ടിയതു ഏതു ദിശയിലാണെന്നു നമുക്ക് അറിയില്ല അതിന്റെ രീതി ഒരു പക്ഷെ കപ്പലിന്റെ വൃത്താകൃതയിലുള്ള തട്ടിലായിരിക്കാം, എന്നാൽ വളരെ ആകർഷണീയ സാധ്യതകൾ ഉണ്ട്. [43]അവർ കരയിൽ എത്തുന്നതിനു മുൻപു, അഞ്ഞൂറുമൈൽ പടിഞ്ഞാറോട്ട് യാത്രചെയ്തു. ആഴം കുറഞ്ഞ സ്ഥലത്തുള്ള മണൽ തിട്ട തെക്കുള്ളതിനേക്കാൾ അടുത്തായിരുന്നു. [44]"സീ അങ്കർ" എന്നു ഗ്രീക്കിൽ നിന്നു തർജ്ജിമ ചെയ്തിരിക്കുന്നതു പല അർത്ഥമുണ്ട് 19-ാം വാക്യത്തിൽ ഉപയോഗിച്ച അതേവാക്കാണ്: "ദ ... ടാക്കിൾ" (കുറിപ്പുകൾ 47 നോക്കുക). 17-ാം വാക്യത്തിലെ വാക്കിന്റെ അർത്ഥത്തെ സംബന്ധിച്ച വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ട്. ചിലർ വിചാരിക്കുന്നത് നാവികർ മുഖ്യമായ ഓട്ടം കുറച്ചു എന്നാണ് (കെജെവി; എൻഇഎബി), കാരണം കൊടുങ്കാറ്റു സമയത്തു സാധാരണ ചെയ്യാറുള്ളതാണ്. [45]"ബാറ്റൺ ഡൗൺ ദ ഹാച്ചസ്" എന്നതു സമുദ്രപരമായ വാക്കാണ് "കപ്പലിൽ എല്ലാ പുറം ഭാഗവും [ബാറ്റെൺ ഉപയോഗിച്ച്] സുരക്ഷിതമാക്കുക." അലങ്കാരഭാഷയിൽ, അതിനർത്ഥം "നിങ്ങൾക്കു കഴിയാവുന്നത്ര സുരക്ഷിതത്വം ഉറപ്പു വരുത്തുക." [46]"*നമ്മുടെ* സ്വന്ത കൈകൊണ്ട്" എന്നാണ് ചുരുക്കം കയ്യെഴുത്തു പ്രതികളിൽ (കെജെവി നോക്കുക), എന്നാൽ മിക്ക കയ്യെഴുത്തു പ്രതികളിലും "*അവരുടെ* സ്വന്ത കൈകളാൽ" എന്നാണ്. [47]"ടാക്കിൾ" എന്നതു ഗ്രീക്കിൽ നിന്നു തർജ്ജിമ ചെയ്തിരിക്കുന്നു പുതിയ നിയമത്തിൽ വീട് മോടി പിടിപ്പിക്കുന്നതിനെ സൂചിപ്പിച്ചാണ് (മത്തായി 12:29; മർക്കൊസ് 3:27; മുതലായവ). ചരക്കു കടലിലേക്കു എറിയുന്നതിനു പുറമെ ചെയ്തതാണ് ടാക്കിൾ കൊണ്ടുദ്ദേശിക്കുന്നത്, കപ്പൽ ജോലിക്കാർ ഉപയോഗിച്ചിരുന്ന കസേരകളും, മേശകളും, ചെസ്റ്റുകളുമെല്ലാം കടലിലേക്കു എറിയുന്നതു എനിക്കു കാണാം. [48]ഓറിൻ റൂട്ട്, ഇഡി., *സ്റ്റാൻഡാർഡ് ബൈബിൾ കമെന്ററി ആക്സ്* (സിൻസിനാട്ടി, ഓഹിയോ: സ്റ്റാൻഡാർഡ് പബ്ലിഷിങ്ങ് കമ്പനി, 1966), 196. [49]എച്ച് ജി. സ്പാഫോർഡ്, "ഇറ്റ് ഈസ് വെൽ വിത്ത് മൈ സോൾ" എസിയു പ്രെസ്, അബിലിൻ, ടെക്സാസിന്റെ അനുവാദത്തോടെ പുന:പ്രസിദ്ധീകരണം നടത്തിയത്. [50]ഈ പാഠം ഒരു പ്രസംഗത്തിനായി ഉപയോഗിക്കുന്നു എങ്കിൽ, കൊടുങ്കാറ്റ് വിശ്വാസികളിലും അവിശ്വാസികളിലും ഒരു പോലെ വരും എന്നു ഊന്നി പറയുക: കൊടുങ്കാറ്റിനെ അതിജീവിക്കാൻ ദൈവം പോക്കുവഴി നല്കും എന്നാൽ അവിശ്വാസികൾക്ക് അതില്ല എന്നു കാണുമ്പോൾ ക്രിസ്ത്യാനികളാകുന്ന ആളുകൾ പ്രോത്സാഹിക്കപ്പെടും.